

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *11 കിലോ കഞ്ചാവുമായി  മലപ്പുറം  സ്വദേശി മുതലമടയിൽ പിടിയിൽ*

കാറിൽ കടത്തിയ 11 കിലോ കഞ്ചാവുമായി  മലപ്പുറം സ്വദേശിയെ കൊല്ലങ്കോട് പോലീസും പാലക്കാട്  ലഹരി വിരുദ്ധ  സ്ക്വാഡും  ചേർന്ന് പിടികൂടി. മലപ്പുറം തിരൂരങ്ങാടി സ്വദേശി ഫൈസൽ  വയസ്സ് :36 S\O മുഹമ്മദ് ഹാജി, കല്ലക്കൻകുന്നത്ത് പറമ്പ് , മുനിയൂർ സൗത്ത് , എന്നയാളെ യാണ്  മുതലമട റെയിൽവേ സ്റ്റേഷൻ പരിസരത്ത്  വെച്ച് പിടികൂടിയത്.

# 11 കിലോ കഞ്ചാവുമായി പിടിയിൽ

**കൊല്ലങ്കോട്**

കാറിൽ കടത്തിയ 11 കിലോ കഞ്ചാവുമായി മലപ്പുറം സ്വദേശിയെ കൊല്ലങ്കോട് പൊലീസും പാലക്കാട് ലഹരിവിരുദ്ധ സ്ക്വാഡും ചേർന്ന് പിടികൂടി. മലപ്പുറം തിരൂരങ്ങാടി സ്വദേശി ഫൈസൽ(36)ആണ് മുതലമട റെയിൽവേ സ്റ്റേഷൻ പരിസരത്ത് അറസ്റ്റിലായത്.

മീൻ വളർത്തലിന്റെ മറവിൽ കൊല്ലങ്കോട് കാമ്പ്രത്ത് ചള്ളയിൽ താമസിച്ച് കഞ്ചാവ് വിൽപ്പന നടത്തിവന്ന പ്രതിയെ രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് ഡാൻസാഫ് സ്ക്വാഡ് നടത്തിയ റെയ്ഡിലാണ് പിടികൂടിയത്.

കഞ്ചാവിന് 10 ലക്ഷംരൂപ വിലവരും. പൊലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധിച്ചത്.

ഫൈസൽ



പിടിച്ചെടുത്ത കഞ്ചാവ്

ജില്ല പൊലീസ് മേധാവി സുജിത്ദാസ്, ഐപിഎസിന്റെ നിർദേശത്തെ തുടർന്ന് നർകോട്ടിക് സെൽ ഡിവൈഎസ് പി സി ഡി ശ്രീനിവാസൻ, ആലത്തൂർ ഡിവൈഎസ് പി കെ എം ദേവസ്യ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പ്രതിയെ കോവിഡ്പരിശോധനയ്ക്കുശേഷം കോടതിയിൽ ഹാജരാക്കും.

കൊല്ലങ്കോട് സബ് ഇൻസ്പെക്ടർ എം ആർ അജയൻ, എഎസ്ഐ മാരായ ഉണ്ണിമുഹമ്മദ്, എസ് ഗണേശൻ, ഷാജു, സിപിഒ ജിജോ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എഎസ്ഐ നസീറലി, റഹീംമുത്തു, ആർ കിഷോർ, എസ് ഷനോസ്, കെ സൂരജ് ബാബു, കെ ദിലീപ്, ആർ രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ്കടത്ത് പിടികൂടിയത്.

തമിഴ്നാട്ടിൽ നിന്നും കൊണ്ട് വന്ന് തൃശ്ശൂർ ഭാഗത്ത് സ്റ്റോക്ക് ചെയ്ത് കൊല്ലങ്കോട് കച്ചവടക്കാർക്ക് എത്തിച്ചു കൊടുക്കാൻ കാറിൽ കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി സുജിത്ത് ദാസ് IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP. C.D ശ്രീനിവാസൻ, ആലത്തൂർ DySP കെ.എം. ദേവസ്യ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

കൊല്ലങ്കോട് സബ്ബ് ഇൻസ്പെക്ടർ അജയൻ.എം.ആർ, എ എസ്.ഐ മാരായ ഉണ്ണിമുഹമ്മദ്.എസ്, ഗണേശൻ, ഷാജു.കെ.എ , സി.പി.ഒ ജിജോ. എസ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എ.എസ്.ഐ. നസീറലി, റഹിം മുത്തു, R. കിഷോർ , S. ഷനോസ്, U. സൂരജ് ബാബു , K. ദിലീപ്, R. രാജീദ്, എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

